# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2087 — 08/03/2018-ൽ മറുപടിക്ക്

### സ്വന്തമായി വൈദ്യുതി ഭവനം ഇല്ലാത്ത ജില്ലകൾ

| | ചോദ്യം<br><br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സ്വന്തമായി വൈദ്യുതി ഭവനം ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിലവിൽ സ്വന്തമായി വൈദ്യുതി ഭവനം ഇല്ല. |
| (ബി) | കാസർഗോഡ് ജില്ലയിൽ വൈദ്യുതി ബോർഡിനു സ്വന്തമായി വൈദ്യുതി ഭവനം നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതിനാവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | കാസർഗോഡ് ജില്ലയിൽ വൈദ്യുതി ഭവനം പണിയുന്നതിനു ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) | ഉണ്ട്. 4.57 കോടി രൂപയാണ് അനുവദിച്ചത്. 13.12.2016 - ൽ കെട്ടിട നിർമ്മാണത്തിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. എന്നാൽ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ റദ്ദ് ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ അനുവദിച്ച തുക എത്രയാണെന്നും നിർമ്മാണം തുടങ്ങാൻ കാലതാമസം എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ; | | |
| (എഫ്) | വൈദ്യുതി ഭവനം ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ വിവിധ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ മാസത്തിൽ എത്ര രൂപ വാടകയിനത്തിൽ ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ? | (എഫ്) | വൈദ്യുതി ഭവനം ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ പ്രതിമാസം 1,13,602/- രൂപ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ചെലവാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ